# മരിയൻ ദൂത്



**Vol XIV - Issue 001** | www.smkcparish.us | (847) 583 2910 | skmudakodi@gmail.com | 7800 Lyons st, Mortongrove, IL-60053

Januray 27th, 2024





ചിക്കാഗോ സെൻ്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവക ദൈവാലയത്തിൽ പുറത്തുനമസ്കാരവും മൂന്നു നോയമ്പ് ആചരണത്തിന്റെ സമാപനവും ഭക്തിനിർഭരമായ ചടങ്ങുകളോടെ നടത്തപ്പെട്ടു. ജനുവരി 24 ബുധനാഴ്ച വൈകിട്ട് ഡിട്രോയിറ്റ് സെൻ്റ് മേരീസ് ക്നാനായ ഇടവക വികാരി ഫാ. ജോസ് തറക്കൽ പുറത്തു നമസ്കാര ശുശ്രൂഷകൾക്ക് മുഖ്യ കാർമികത്വം വഹിച്ചു. ചിക്കാഗോ സീറോ മലബാർ രൂപതാ വികാരി ജെനറാളും ക്നാനായ റീജിയൻ ഡയറക്ടറുമായ മോൺ: തോമസ് മുളവനാൽ സന്ദേശം നൽകി.

## വചനദീപ്തി...

സ്നാപക യോഹന്നാനെ ചിത്രകാരന്മാർ അവതരിപ്പിക്കുന്നത്, യേശുവിലേക്ക് വിരൽ ചൂണ്ടി നിൽക്കുന്ന രീതിയിലാണ്. “ഇവൻ എന്നേക്കാളും വലിയവനാണ്, " "ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന കുഞ്ഞാടാണിവൻ” എന്നൊക്കെ പറയുന്ന രീതിയിൽ മറ്റുള്ളവർക്ക് യേശുവിനെ ചൂണ്ടിക്കാണിക്കുന്നവനാണ് സ്നാപകയോഹന്നാൻ. നിങ്ങൾ എന്നിലേക്കല്ല വരേണ്ടത്, അവനിലേക്കാണ് പോകേണ്ടത് എന്ന് ജനത്തിന് മനസ്സിലാക്കിക്കൊടുത്തു അദ്ദേഹം.

നമ്മുടെ പ്രവർത്തനങ്ങളിലൂടെ ജനങ്ങളെ നമ്മിലേക്കാണോ അതോ യേശുവിലേക്കാണോ നയിക്കുന്നത്? എല്ലാവരെയും യേശുവിലേക്കു നയിക്കുന്ന ചൂണ്ടുപലക മാത്രമാണ് നമ്മൾ. ‘അങ്ങിൽ എത്തുംവരെ എന്റെ ആത്മാവ് അസ്വസ്ഥമാണ്’ എന്നതാണ് ഓരോ മനുഷ്യന്റെയും അവസ്ഥ. ഞാൻ എന്ന വ്യക്തിയിൽ എത്തുംവരെയല്ല, ദൈവത്തിൽ എത്തുംവരെയാണ്. ആയതിനാൽ മറ്റുള്ളവരെ നമ്മിലേക്കു നയിക്കുന്ന സ്വഭാവം നമുക്കുണ്ടെങ്കിൽ അതു മാറ്റാം. എല്ലാ വരെയും ദൈവത്തിലെത്തിക്കുന്ന വ്യക്തികളായി നമുക്കു മാറാം. നമ്മൾ ചൂണ്ടുപലകകൾ മാത്രമാണ്. പാപം മോചിക്കുന്ന കുഞ്ഞാടായ ഈശോയിലേക്ക് സ്നാപകയോഹന്നാനെപ്പോലെ നമുക്കും മറ്റുള്ളവരെ എത്തിക്കാം.

**Religious Education Mid Term Exams will be held on Jan 28th Sunday**

## QUOTE FOR THE MONTH

Jesus has made himself the Bread of Life. Night and Day he is there. If you really want to grow in love, come back tp the Eucharist, come back to that Adoration

ST. Theresa of Culcutta



മോൺ: തോമസ് മുളവനാൽ രചിച്ച ' ജീവൻ നൽകുന്ന മന്ന' എന്ന പുസ്തകത്തിന്റെ നോർത്ത് അമേരിക്കയിലെ പ്രകാശനകർമ്മം ഫാ. ജോസ് തറക്കൽ ശ്രീ ജോസ് പിണർക്കയിലിന് നൽകികൊണ്ട് നിർവ്വഹിക്കുന്നു.

# CHURCH SCHEDULE

## HOLY Qurbana in MALAYALAM

Sunday 8.:00 AM
Sunday 10:00AM
Sunday 5:30am
Monday-Thursday 7:00PM
Saturday - 10:00AM

## HOLY QURBANA IN ENGLISH

Sunday - 11:45 AM
Friday - 7:00 PM

## NOVENA (AFTER HOLY QURBANA)

Tuesday: St. Anthony
Thursday: St.Jude
Saturday: Our Lady of Perpectual Help
1st Wednesday: St. Michael

## CONFESSION

Everyday before Holy Qurbana

## RELIGIOUS EDUCATION

Sunday: 10:00AM

## ADORATION CHAPEL

9:00AM - 9:00 PM

## CONTACT INFORMATION

Fr. Siju Mudakodil (Vicar): (210)630 2295
Fr. Joshy Valiyaveetil (Asst. Vicar): (224)775 8039
Sr. Silvarius S.V.M (Parish Secratry): (224)432 3217
Sabu Kattapuram(Trustee): (847) 791 1452
Lukose Poozhikunnel (Trustee) : (708)917 9989
George Mattathilparambil (Trustee): (847)606 1642
Binu Poothurayil (Trustee): (847)644 9869
Nibin Vettikkattil (Youth Trustee): (773)934 3535
James Mannakulathil (Accountant): (312)622 3326
Sunny Meledam (Secratary): (773)550 1995
Anil Mattathikunnel (P.R.O ): (773)280 3632
Saji Pothrukayil (DRE): (847) 293 9409
Maneesh Kaimoolayil (Asst. DRE): (773)550 6328
Peter Kulangara(Funeral Cordinator): (847)951 4476
Visitation Convent: (847) 603 8881

# ദനഹാക്കാലം



## Sunday Readings

2 രാജാ 17: 24-28
സമരിയാക്കാരുടെ ഉത്ഭവം
2 Kings 17: 24-28
The origin of the Samaritans

ഹെബ്രാ 6: 1-12
രക്ഷാകരമായ ഗുണങ്ങൾ നിങ്ങളിലുണ്ട്
Heb 6:1-12
You have things that belong to salvation

യോഹ 4: 1-26
ഈശോ വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ
Jn 4:1-26
Jesus is the promised Messiah

## MARK YOUR CALENDER

Jan 31: Feast of St. John Bosco
Feb 08: Night Vigil
Feb 11: Feast of Our Lady of Lourdes
Feb 12 : Ash Monday
March 7-10: Lenten Retreat
March 16: Blessing of SH church
March 22: 40th Friday
March 24: Palm Sunday
March 28: Pesaha Thursday
March 29: Passion Friday
March 30: Easter Vigil
March 31: Easter Sunday

# CHERUPUSHPA MISSION LEAGUE CORNER

CML St. Mary's Parish unit organized a seminar to learn about the one of the core values of CML, which is none other than SERVICE. The class began with an inauguration lead by Fr. Joshy Valiyavettil and his message to CML family was " if you do work without prayer, it will be prayer but work with prayer is service. Sister Catherine Ryan, Executive Director of Marryville Acadamy gave the keynote speech. She gave lots of information about service and mercy citing the scriptures. A main point that she made was that " There is nothing we can't do, if we do it together". We had group discussions that added value to this great seminar.

Sandra Kunnasseril

**Jan 28th Sunday**
**CML Group Assignment for Holy Qurbana**
St.John Paul II
**Group Coordinators**
Joshni Thirunelliparambil
Manju Analil
**Group Leader**
George Analil






CML Seminar Participants



Jan 21st Holy Qurbana led by St. Francis Xavier Group



Gospel Writing 3rd Lucky Draw Winners
Daniel Valathattu, Aron Simon Mundaplackal,
Jeslyn Mathew Thottungal, Chris Illikattil, Claire Myalil

## SAVE THE DATE

*CML Children's Visit to*

**MISERICORDIA**
**HEART OF MERCY**

Date: February 19th Monday
Location: 6300 North Ridge, Chicago, IL-60660
Goal: Sharing life with individuals with intellectual and developmental disabilities
Registration: Details to follow soon. Only 30 spots

# ഇടവക വാർത്തകൾ

## വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ആഘോഷിച്ചു.



വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ഭക്ത്യാദരപൂർവ്വം ആഘോഷിച്ചു. ലദീഞ്ഞോടെ ആരംഭിച്ച തിരുനാൾ കർമ്മങ്ങൾക്ക് ഫാ. ജോഷി വലിയവീട്ടിൽ മുഖ്യ കാർമികത്വം വഹിച്ചു. ക്രൂരമായ പീഡകൾക്ക് വിധേയനായപ്പോഴും ക്രൈസ്തവ വിശ്വാസം അചഞ്ചലമായി കാത്തു സൂക്ഷിച്ച രക്തസാക്ഷിയായ വി. സെബസ്ത്യാനോസിന്റെ ജീവിതമാതൃക ഓരോ ക്രൈസ്തവനെയും സംബന്ധിച്ചിടത്തോളം ഏറ്റവും അനുകരണീയമാണ് എന്ന് അദ്ദേഹം തന്റെ സന്ദേശത്തിൽ ഓർമിപ്പിച്ചു. തിരുനാളിന്റെ ഭാഗമായി കഴുന്നെടുക്കുന്നതിലും നേർച്ചകാഴ്ചകൾ സമർപ്പിക്കുന്നതിലും നിരവധി ഇടവകാംഗങ്ങൾ പങ്കുചേർന്നു. ജോസ് & ജൂലി കൊരട്ടിയിൽ, സിറിയക്ക് & സോഫി പുത്തൻപുരയിൽ, ജോയി & കുസുമം ഓളിയിൽ, ത്രേസിയാമ്മ ഇലക്കാട്ട് എന്നിവർ തിരുനാൾ പ്രസുദേന്തിമാരായിരുന്നു. തിരുനാളിൽ സഹകരിക്കുകയും ഭക്ത്യാദരപൂർവ്വം പങ്കെടുക്കുകയും ചെയ്ത എല്ലാവർക്കും ഫാ. ജോഷി വലിയവീട്ടിൽ ഇടവകയ്ക്ക് വേണ്ടി നന്ദി അറിയിച്ചു.



## പുതിയ കൈക്കാരൻമാർ സത്യപ്രതിജ്ഞ ചെയ്തു

മോർട്ടൺ ഗ്രോവ് സെ. മേരീസ് ക്നാനായ കത്തോലിക്ക ഇടവകയിൽ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട കൈക്കാരൻമാർ സത്യപ്രതിജ്ഞ ചെയ്തു ചാർജ് ഏറ്റെടുത്തു. ജനുവരി 7 തിയതി ഞായറാഴ്ച രാവിലെ 10 മണിക്കത്തെ വി.കുർബാനയ്ക്ക് ശേഷം നടത്തിയ സത്യപ്രതിജ്ഞ ചടങ്ങിൽ കൈക്കാരന്മാരായ സാബു കട്ടപ്പുറം, ജോർജ് മറ്റത്തിൽപറമ്പിൽ, ലൂക്കോസു് പൂഴിക്കുന്നേൽ, ബിനു പൂത്തറയിൽ, നിബിൻ വെട്ടിക്കാട്ടിൽ എന്നിവർ വികാരി ഫാ. സിജു മുടക്കോടിൽ ചൊല്ലിക്കൊടുത്ത സത്യപ്രതിജ്ഞ വാചകം ഏറ്റുചൊല്ലി സ്ഥാനമേറ്റെടുത്തു. ഈ വർഷം സ്ഥാനമൊഴിയുന്ന ചർച്ച് എക്സിക്യൂട്ടീവ് അംഗങ്ങളായ അലക്സ് മുല്ലപ്പള്ളിൽ, കുഞ്ഞച്ചൻ കുളങ്ങര, ജെയിംസ് കിഴക്കേവാലിൽ, സ്റ്റീഫൻ ചോള്ളംബേൽ എന്നിവർക്ക് ഇടവകയുടെ പേരിൽ അഭിനന്ദനങ്ങൾ അറിയിക്കുകയും പ്രശംസാ ഫലകം നൽകി ആദരിക്കുകയും ചെയ്തു. ഇടവകയുടെ പുതിയ പി. ആർ.ഒ. അനിൽ മറ്റത്തിക്കുന്നേൽ, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം എന്നിവരെ ചടങ്ങിൽ പരിചയപ്പെടുത്തുകയും പാരിഷ് റിപ്പോർട്ട് ബുക്ക് കൈമാറുകയും ചെയ്തു.

# നോമ്പുകാലഭിഷേകധ്യാനം

Chicago St. Mary's Knanaya Church
7800 Lyons st, Mortongrove

March 7 Thursday - March 10 Sunday.





## ~Emmaus Experience Retreat~
## ~A Eucharistic Journey~



Fr. Augustine
Mundackatt V.C.

March 7th Thursday 7.00pm to 9.00pm
March 8th Friday 10.00am to 6.00pm
March 9th Saturday 10.00am to 6.00pm
March 10th Sunday 10.00am to 5.30pm



Fr. Augustine is currently serving as the Global Evangelization Director and Counselor General of the Vincentian Congregation, in charge of Retreats and centers across the Globe. Previously he was the Editor of Vachanolsavam (a popular Indian Catholic Renewal magazine published in seven languages), Vicar Provincial, and Director of Retreat Centers in Kolkata (Calcutta), Kottayam, Goa. Responding to the World Evangelization call of Pope John Paul II over 25 years ago, he has travelled to more than forty countries preaching the Gospel. Throughout the course of his faithful ministry, numerous Signs and Healings have been reported.

## ആദരാഞ്ജലികൾ



Aleyamma Kalayil (87)
Chicago



T.T. Luka Thottikkattu (83)
Areekkara



Jose Madathiparambil (79)
Chicago



Abraham Kalliduckil
Chicago

# ഫൊറോനാ വാർത്തകൾ

## ചിക്കാഗോ ക്നാനായ ജനത്തിന് അനുഗ്രഹമായി ബെൻസൻവില്ല യിലെ ക്നാനായ ദൈവാലയത്തിന്റെ പുനർ കൂദാശകർമ്മം മാർച്ച് 16 ശനിയാഴ്ച



ഭാരതത്തിന് വെളിയിലെ ആദ്യ ക്നനായ ദൈവാലയമായ മേവുഡിലെ തിരുഹൃദയ ക്നാനായ കത്തോലിക്ക ഫൊറോന ദൈവാലയത്തിനായി സ്വന്തമാക്കിയ ബെൻസൻ വില്ലയിലുള്ള ദൈവാലയത്തിന്റെ പുനർ കൂദാശാ കർമ്മം മാർച്ച് 16ശനിയാഴ്ച നടത്തപ്പെടും. ദൈവാലയവും സ്കൂളും വൈദിക മന്ദിരവു ഹാളും ഏഴേകാൽ ഏക്കർ സ്ഥലവും അടങ്ങുന്ന സംവിധാനമാണ് പുതിയ ദൈവാലയത്തിന് ഉള്ളത



2006 ൽ മേവുഡിൽ സ്ഥാപിതമായ തിരുഹൃദയ ക്നാനായ ദൈവാലയത്തിന്റെ അജപാലന വളർച്ചയുടെ ഭാഗമായിട്ടാണ് പുതിയ ദൈവാലയം സ്വന്തമാക്കിയിരിക്കുന്നത് . ഇടവക ജനത്തിന്റെയും ഒട്ടനവധി സുമനസ്സുകളുടെ പ്രാർത്ഥനകളുടെയും നിർലോഭമായ സാമ്പത്തിക സഹായത്തിന്റെയും, ജോലിയറ്റ് രൂപതാധ്യക്ഷൻ അഭി: റൊണാൾഡ് ഹഹിക്സിന്റെയും ചിക്കാഗോ രൂപതാത്ധ്യക്ഷൻ അഭി: മാർ ജോയി ആലപ്പാട്ട് പിതാവിന്റെയും

സമയോജിതമായ ഇടപെടലുകളുടെയും ഫലമായിട്ടാണ് ഈ വലിയ സ്വപ്നം സാക്ഷാത്കരിക്കപ്പെടുന്നത് . പുതിയ ഈ ദൈവാലയസംരഭം യാഥാർത്ഥ്യമാക്കുവാൻ നേതൃത്വം നൽകിയ ചർച്ച് എക്സിക്യൂട്ടീവ് ,



‘ ഫണ്ട് റെയിസിംങ്ങ് കമ്മിറ്റി , സാമ്പത്തിക സഹായം നൽകിയവർ മറ്റ് ഇതര സഹായങ്ങൾ ചെയ്ത് തന്നവർ എന്നിവരോടുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നതായും ഏവരെയും പുനർ കൂദാശാകർമ്മത്തിലേക്ക് ക്ഷണിക്കുന്നതായും ഇടവക വികാരി ഫാ.തോമസ്സ് മുളവനാലും അസി. വികാരി ഫാ. ബിൻസ് ചേത്തലിലും അറിയിച്ചു. കൂദാശാ കർമ്മത്തിനൊരുക്കമായി ഏവരുടെയും പ്രാർത്ഥനാസഹായങ്ങൾ ഇരുവരും അഭ്യർത്ഥിച്ചു.





# ഫൊറോനാ വാർത്തകൾ

## ഷിക്കാഗോ സേക്രഡ്ഹാർട്ട് ഫൊറോനായ്ക്ക് പുതിയ അല്മായ നേതൃത്വം



ഷിക്കാഗോ സേക്രഡ് ഹാർട്ട് ഫൊറോനാ പള്ളിയിൽ 2024- 2025 കാലയളവിലേയ്ക്കുള്ള പുതിയ കൈക്കാരന്മാരും പാരിഷ് കൗൺസിൽ അംഗങ്ങളും ചുമതലയേറ്റു. ഡിസം. 31 ഞായറാഴ്ച വി. കുർബാനയ്ക്കു ശേഷം അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ നിയുക്ത കൈക്കാരന്മാർക്കും പാരിഷ് കൗൺസിൽ അംഗങ്ങൾക്കും പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പുതിയ ട്രസ്റ്റി കോർഡിനേറ്റർ ആയി ശ്രീ. തോമസ് നെടുവാമ്പുഴയും കൈക്കാരന്മാരായി മത്തിയാസ് പുല്ലാപ്പള്ളി, സാബു മുത്തോലം, കിഷോർ കണ്ണാല, ജെൻസൻ ഐക്കരപ്പറമ്പിൽ എന്നിവരുമാണ് തെരഞ്ഞെടുക്കപ്പെട്ടത്. ഇടവകയുടെ മുഖവും നാവുമായി മാറാനും വരും വർഷങ്ങളിൽ ഇടവകയുടെ സർവതോന്മുഖമായ പുരോഗതിയ്ക്കും വളർച്ചയ്ക്കുമായി ആത്മാർത്ഥമായി പ്രവർത്തിക്കാനും പുതിയ കൈക്കാരന്മാർക്കും പാരീഷ് കൗൺസിൽ അംഗങ്ങൾക്കും കഴിയട്ടെ എന്ന് ഫാ. ബിൻസ് ചേത്തലിൽ ആശംസിച്ചു. സ്തുത്യർഹമായ സേവനത്തിനു ശേഷം സ്ഥാനമൊഴിയുന്ന കൈക്കാരന്മാരായ ജോർജ് ചക്കാലത്തൊട്ടി, മാത്യു ഇടിയാലിൽ, സാബു മുത്തോലം, സണ്ണി



## ചെറുപുഷ്പ മിഷൻ ലീഗ് ക്നാനായ റീജിയണൽ നേതൃത്വ സംഗമം




ചെറുപുഷ്പ മിഷൻ ലീഗ് ക്നാനായ റീജിയണൽ നേതൃത്വ സംഗമം സംഘടിപ്പിച്ചു. മിഷൻ ലീഗ് റീജിയണൽ ഡയറക്ടർ ഫാ. ബിൻസ് ചേത്തലിൽ, അന്തർദേശീയ റീജിയണൽ ഓർഗനൈസർ സിജോയ് പറപ്പള്ളിൽ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി സംസാരിച്ചു. ക്നാനായ റീജിയണിലെ വിവിധ ഇടവകളിൽ നിന്നുള്ള മിഷൻ ലീഗിന്റെ ഓർഗനൈസർമാരും വൈസ് ഡിറക്ടർമാരും മീറ്റിംഗിൽ പങ്കെടുത്തുകൊണ്ട് ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. റീജിയണൽ എക്സിക്യൂട്ടീവ് അംഗങ്ങളായ ഫാ. ജോബി പൂച്ചുകണ്ടത്തിൽ, സുജ ഇത്തിത്തറ, ഷീബാ താന്നിച്ചുവട്ടിൽ, അനിത വില്ലൂത്തറ, ജോഫീസ് മെത്താനത്ത് എന്നിവർ പരിപാടികൾ ക്രമീകരിച്ചു.

## ഡിട്രോയിറ്റ് സെ. മേരീസ് ക്നാനായ കത്തോലിക്ക ഇടവകയ്ക്ക് പുതിയ പാരീഷ് കൗൺസിൽ നേതൃത്വം

2024-2025 വർഷങ്ങളിൽ ഇടവകയിൽ സേവനം ചെയ്യുന്നതിന് ഡിട്രോയിറ്റ് സെ. മേരീസ് ക്നാനായ കത്തോലിക്ക ഇടവകയ്ക്ക് പുതിയ പാരീഷ് കൗൺസിൽ നേത്രുത്വം. സെബാസ്റ്റ്യൻ വഞ്ചിത്താനത്ത്, സേവ്യർ തോട്ടം എന്നിവർ കൈക്കാരന്മാരായി സേവനം അനുഷ്ഠിക്കും. സാബു ചെറുവള്ളിൽ, ജോസ് ലൂക്കോസ് പള്ളിക്കിഴക്കേതിൽ, സിമി തൈമാലിൽ, സുജ വെട്ടിക്കാട്ട്, ആഷ്‌ലി ചെറുവള്ളിൽ, ഫിലിപ്സൺ താന്നിച്ചുവട്ടിൽ, ജിൻസ് താനത്ത്, അനു കണ്ണച്ചാൻപറമ്പിൽ, അനു മൂലക്കാട്ട് എന്നിവർ ഇടവക വികാരി റെവ. ഫാ ജോസെഫ് തറയ്ക്കൽ, കൈക്കാരന്മാരോടുമൊപ്പം പാരീഷ് കൗൺസിൽ അംഗങ്ങളായി സേവനം അനുഷ്ഠിക്കും.

# പുറത്ത്നമസ്ക്കാരവും മൂന്നുനോമ്പാചരണ സമാപനവും



# സഭാങ്കണം

## അഭിവന്ദ്യ ബിഷപ് മാർ റാഫേൽ തട്ടിൽ: സീറോ മലബാർ സഭയുടെ പുതിയ മേജർ ആർച്ചുബിഷപ്പ്



സീറോമലബാർ സഭയുടെ പുതിയ മേജർ ആർച്ചുബിഷപ്പായി, ഷംഷാബാദ് രൂപതയുടെ മുൻ അദ്ധ്യക്ഷൻ ബിഷപ് മാർ റാഫേൽ തട്ടിലിനെ സീറോ മലബാർ സഭാ സിനഡ് തിരഞ്ഞെടുത്തു. പൗരസ്ത്യ കാനോനികനിയമത്തിന്റെ നൂറ്റിയൻപത്തിമൂന്നാം കാനോനാ പ്രകാരം കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ മാർ തട്ടിലിന്റെ തിരഞ്ഞെടുപ്പിനെ അംഗീകരിച്ചതോടെ, റോമിലും സീറോമലബാർ സഭാ ആസ്ഥാനമായ സെന്റ് തോമസ് മൗണ്ടിലും ഈ വാർത്ത പ്രസിദ്ധീകരിക്കുകയായിരുന്നു. 2024 ജനുവരി 9 ചൊവ്വാഴ്ചയാണ് മാർ തട്ടിലിനെ സീറോമലബാർ സഭാസിനഡ് തിരഞ്ഞെടുത്തത്.

1956 ഏപ്രിൽ 21-ന് തൃശൂരിൽ ജനിച്ച മാർ റാഫേൽ തട്ടിൽ, വടവാതൂർ സെമിനാരിയിലെ വിദ്യാഭ്യാസത്തിനുശേഷം 1980 ഡിസംബർ 21-ന് പുരോഹിതനായി അഭിഷിക്തനായി.. പിന്നീട് റോമിലെ പൊന്തിഫിക്കൽ ഓറിയെന്റൽ ഇൻസ്റ്റിട്യൂട്ടിൽനിന്ന് പൗരസ്ത്യ കാനോനിക നിയമത്തിൽ ഡോക്ടറേറ്റ് നേടിയിരുന്നു. മലയാളത്തിന് പുറമെ, ഇംഗ്ലീഷ്, ഇറ്റാലിയൻ, ജർമൻ ഭാഷകളിൽ നിപുണനാണ് അദ്ദേഹം. മേരി മാതാ സെമിനാരിയുടെ റെക്ടറായി 1998 മുതൽ 2007 വരെ നിസ്തുലസേവനമനുഷ്ടിച്ചിട്ടുണ്ട്. 2010 ജനുവരി 18-ന് തൃശൂർ അതിരൂപതയുടെ സഹായമെത്രാനായി തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 2010 ഏപ്രിൽ 10-ന് മെത്രാഭിഷേകം സ്വീകരിച്ചു. 2013 ഡിസംബർ 23-ന് ഫ്രാൻസിസ് പാപ്പാ അദ്ദേഹത്തെ, സീറോമലബാർ സഭയുടെ അധികാരപരിധിക്ക് പുറത്ത്, ഇന്ത്യ മുഴുവനുമുള്ള സീറോമലബാർ സഭാവിശ്വാസികൾക്കായുള്ള അപ്പസ്തോലിക വിസിറ്ററായി നിയമിച്ചു.

2017 ഒക്ടോബർ 10-ന് ഷംഷാബാദ് എപ്പാർക്കി സ്ഥാപിച്ചതിനൊപ്പം, അതിന്റെ പ്രഥമ മെത്രാനായി പാപ്പാ അദ്ദേഹത്തെ നിയമിച്ചു. 2024 ജനുവരി 9-ന് സീറോമലബാർ സഭയുടെ സിനഡ് അദ്ദേഹത്തെ പുതിയ മേജർ ആർച്ചുബിഷപ്പായി തിരഞ്ഞെടുത്ത ദിവസംതന്നെ ഫ്രാൻസിസ് പാപ്പാ അദ്ദേഹത്തിന് കാനോനികനിയമപ്രകാരമുള്ള അപ്പസ്തോലികസ്ഥിരീകരണം നൽകുകയായിരുന്നു.

പുതിയ മേജർ ആർച്ചുബിഷപ്പിനെ സീറോ മലബാർ സഭ തിരഞ്ഞെടുത്തുവെങ്കിലും, എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക അഡ്മിനിസ്ട്രേറ്ററായി, മെൽബൺ സെന്റ് തോമസ് രൂപതയുടെ മുൻ അദ്ധ്യക്ഷൻ ബിഷപ് മാർ ബോസ്കോ പുത്തൂർ തുടരും.





ചിക്കാഗോ സെന്റ് മേരീസ് ഇടവകാംഗങ്ങൾ വികാരി ഫാ. സിജു മുടക്കോടിയിലിനൊപ്പം മേജർ ആർച്ച് ബിഷപ്പിനെ സന്ദർശിച്ചപ്പോൾ

# ST. MARY'S KNANAYA CATHOLIC PARISH, CHICAGO

www.smkcparish.us





## Parish Executive

**2024 - 2025**



Fr. JOSHY VALIYAVEETTIL
Asst. Vicar
224.775.8039



Fr. SIJU MUDAKODIL
Vicar
210.630.2295




SR. SILVARIUS SVM
Parish Secratary
224.432.3217



SABU KATTAPURAM
Trustee Cordinator
847.791.1452



LUKOSE POOZHIKUNNEL
Trustee
708.917.9989



GEORGE MATTATHILPARAMBILL
Trustee
847.606.1642



BINU POOTHURAYIL
Trustee
847.644.9869



NIBIN VETTIKKATTIL
Youth Trustee
773.934.3535



JAMES MANNAKULATHIL
Accountant
312.622.3326



SUNNY MELEDOM
Parish Council Secratry
773.550.1995



ANIL MATTATHIKUNNEL
P. R.O
773.280.3632